## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **12-06-2024 - ൽ മറുപടിയ്ക്ക്**

## പൊന്നാനി മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ, അമൃത് പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി., മുൻസിപ്പാലിറ്റി, പഞ്ചായത്ത് റോഡുകളിൽ എടുത്ത കുഴികൾ നികത്താതെ കിടക്കുന്നതിനാൽ പല അപകടങ്ങളും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പി.ഡബ്ല്യൂ.ഡി., മുൻസിപ്പാലിറ്റി, പഞ്ചായത്ത് റോഡുകളിൽ എടുത്ത ചില കുഴികൾ നികത്താതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകൾ പുനർനിർമ്മിച്ച് കൊടുക്കാമെന്ന് വകുപ്പ് ഉറപ്പ് നൽകിയതാണെങ്കിലും ഇതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ? | (ബി) | പുന:നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. നിലവിൽ PWD, പഞ്ചായത്ത് റോഡുകളിൽ പൈപ്പിടുന്നതിനായി ചാലുകൾ കീറിയതിൽ 95% കോൺക്രീറ്റ് റോഡുകളും ഇതിനകം പുനഃസ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്ത് BT റോഡുകളിൽ പൊളിച്ച 90% റോഡുകളും GSB, WMM പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. PWD റോഡിൽ ഉൾപ്പെടെ ഭാഗികമായി പുനഃസ്ഥാപനം നടന്ന റോഡുകളിൽ റെസ്റ്റോറേഷൻ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. അപകടങ്ങൾ സംഭവിക്കാതിരിക്കാൻ താത്കാലിക റെസ്റ്റോറേഷനും അപകട സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തിര വിഷയങ്ങൾ നേരിടുന്നതിനായി പഞ്ചായത്തു തലത്തിലും, PWD തലത്തിലും പ്രത്യേകം വാട്സ് ആപ്പ് ഗ്രൂപ്പ് മുഖേന വിവരങ്ങൾ കൈമാറാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ